# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1421

04.02.2019-ൽ മറുപടിക്ക്

## മത്സ്യസമ്പത്തിന്റെ ശോഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. വി. ഡി. സതീശൻ** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ആഴക്കടൽ മത്സ്യബന്ധനം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രോത്സാഹിപ്പിക്കുമെന്ന നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് മത്സ്യവിഭവങ്ങളുടെ അമിതമായ ചൂഷണത്തിനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വരുമാനം കുറയുന്നതിനും കാരണമാകുമോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 28/04/2017 ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സമുദ്ര മത്സ്യബന്ധന നയവുമായി ബന്ധപ്പെട്ട് മത്സ്യബന്ധന മേഖലയിൽ ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. എൽ.ഒ.പി നിർത്തലാക്കുമെന്ന് പുതിയ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പി.പി.പി. മോഡലിൽ സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധനനിക്ഷേപം പ്രോത്സാഹിപ്പിക്കുമെന്നും, അന്താരാഷ്ട്ര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള മത്സ്യബന്ധന യാനങ്ങൾ പ്രോത്സാഹിപ്പിക്കുമെന്നുള്ള നയത്തിലെ പ്രഖ്യാപനം ഈ മേഖലയിൽ മൾട്ടി നാഷണൽ കമ്പനികൾ കടന്നു വരുമെന്നുള്ള ആശങ്ക മത്സ്യത്തൊഴിലാളി മേഖലയിൽ നിലനിൽക്കുന്നുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിൽ സ്വകാര്യ മൂലധന നിക്ഷേപവും വിദേശ സാങ്കേതിക വിദ്യയും വൻതോതിൽ കടന്നു വരുന്നത് മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്ന ആശങ്കയും നിലനിൽക്കുന്നു ണ്ട്. മത്സ്യ മേഖലയ്ക്ക് ഗുണകരമായി ഭവിക്കുമായിരുന്നതും, സംസ്ഥാന സർക്കാർ ചൂണ്ടിക്കാട്ടിയതുമായ പല കാര്യങ്ങളും പരിഗണിക്കപ്പെട്ടിട്ടില്ല. മത്സ്യബന്ധന മേഖലയുടെയും മത്സ്യത്തൊഴിലാളികളുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഇതിനകം കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടു ണ്ട്. ഇനിയും ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഓഖി ദുരന്തത്തിന് ശേഷം കടൽ മത്സ്യസമ്പത്തിന്റെ ശോഷണം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് മത്സ്യമേഖലയിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധി ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഓഖി ദുരന്തത്തിന്റെ ഭാഗമായി മത്സ്യശോഷണം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ശാസ്ത്രീയ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുവാൻ കേരള മറൈൻ ഫിഷിങ് റെഗുലേഷൻ ആക്ട് (കെ.എം.എഫ്.ആർ.ആക്ട്) കർശനമായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ? | (സി) | ഉണ്ട്. പരിഷ്കരിച്ച കെ.എം.എഫ്.ആർ ആക്ടിന്റെയും റൂളിന്റെയും അടിസ്ഥാനത്തിൽ ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട് 9 മറൈൻ ജില്ലകളിലും റെസ്ക്യൂ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട് ഫിഷറീസ് സ്റ്റേഷൻ ഇല്ലാത്ത കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യബന്ധന യാനങ്ങളുടെ എണ്ണം, വലയുടെ വലിപ്പം എന്നിവ നിയന്ത്രിക്കുന്നതിനും, കുറഞ്ഞ കണ്ണിവലിപ്പം നിഷ്കർഷിക്കുന്നതിനും, വളരെ കൂടുതൽ കുതിരശക്തിയുള്ള യാനങ്ങളെ നിയന്ത്രിക്കുന്നതിനും പരിഷ്കരിച്ച കെ.എം.എഫ്.ആർ ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. വല നിർമ്മാണ യൂണിറ്റുകൾക്കും ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചു. പ്രധാന ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുദ്ദേശിക്കുന്നു. മൺസൂൺകാല ട്രോളിംഗ് നിരോധനം 52 ദിവസമായി വർദ്ധിപ്പിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനം കൊച്ചി CMFRI ൽ വിളിച്ച് ചേർത്ത് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയത് പോലുള്ള MLS റെഗുലേഷൻ, കെ.എം.എഫ്.ആർ ആക്ടിന്റെയും റൂളിന്റെയും പരിഷ്കരണം എന്നിവ എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഏകീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |

Sheeba

**സെക്ഷൻ ഓഫീസർ**